DESPATCHED
On...05/06/2020
6/5/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.226(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.**2621**/എസ്.ഐ.സി-ജി **6/19**
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.അജി**
**ആലുംതറയിൽ**
**പനമ്പാലം, ആർപ്പൂക്കര-686008** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ഏറ്റുമാനൂർ നഗരസഭാ കാര്യാലയം**
   **ഏറ്റുമാനൂർ പി.ഒ**
   **കോട്ടയം**
2. **അപ്പീൽ അധികാരി ആന്റ്**
   **മുൻസിപ്പൽ സെക്രട്ടറി**
   **ഏറ്റുമാനൂർ**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 04.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.02.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.02.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.02.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ

അപേക്ഷ സമർപ്പിച്ചുവെന്നും, ആയതിനും മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 15.11.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ 18.06.2018 ൽ 1 മുതൽ 25 ഡിപ്പാർട്ട്മെന്റിലേയ്ക്ക് പരാതി അയച്ചിട്ടുള്ളതും ആ പരാതിയിൽ മുൻസിപ്പൽ സെക്രട്ടറി രജിസ്റ്റേർഡ് ആയി കൈപ്പറ്റിയിട്ടുള്ളതുമാണെന്നും ഇനം 2 ൽ ഈ പരാതിയിൽ അന്വേഷണം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക മേൽവിലാസം തരണമെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പട്ടത് ആയതിന് എതിർകക്ഷി മറുപടി നൽകിയില്ല

3. 10.01.2019 ൽ ഹർജിക്കാരൻ അപ്പീൽ അപേക്ഷ നൽകുകയും, 04.03.2019 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ 18.06.2018 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഏത് കെട്ടിടത്തെക്കുറിച്ചാണ് ചോദ്യം ഉന്നയിച്ചതെന്ന് വ്യക്തമല്ലായിരുന്നുവെന്നും അപ്പീൽ അപേക്ഷയിൽ വ്യക്തമായിരുന്നതിനാൽ മറുപടി എഞ്ചിനീയറിംഗ് വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ റിപ്പോർട്ടും റവന്യൂ വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരവും മറുപടി നൽകുന്നുവെന്നാണ് കാണിച്ചിരിക്കുന്നത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും 15.11.2018 ന് ഹർജിക്കാരൻ നൽകിയ അപേക്ഷ കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന് നൽകിയ മറുപടിയുടെ പകർപ്പ് ഹർജിക്കാരനും കമ്മീഷനിലേയ്ക്കും നൽകണമെന്നും, റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഉള്ള നിർദ്ദേശത്തോടെയും മറുപടി അപ്പീൽ സമയത്ത് നൽകിയതായി കാണുന്നതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 6–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM